ചാത്തന്നൂർ ഡിപ്പോയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അന്തർ സംസ്ഥാന ടൂറിസ്റ്റ് ലക്ഷ്വറി ബസ്സുകളുടെ അപകടം

248 (3355) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ലക്ഷ്വറി ബസ്സുകൾ അപകടത്തിൽപ്പെടുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാത്രി സർവ്വീസ് നടത്തുന്ന ബസ്സുകളിൽ രണ്ട് ഡ്രൈവർമാർ വേണമെന്ന മോട്ടോർ വാഹനചട്ടങ്ങളിലെ നിബന്ധന പലപ്പോഴും പാലിക്കപ്പെടുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ നിബന്ധന കർശനമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) സ്വീകരിക്കുന്നുണ്ട്. മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ റോഡിൽ വാഹനപരിശോധന നടത്തുന്ന വേളയിൽ ഈ വിഷയം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്.

സൂപ്പർക്ലാസ്സ് പെർമിറ്റ് റൂട്ടുകൾ

249 (3356) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്റൂട്ടുകളിൽ സൂപ്പർക്ലാസ്സ് പെർമിറ്റ് റൂട്ടുകളായി എത്രയെണ്ണമാണ് നിശ്ചയിച്ചിട്ടുള്ളത്; അവയേതൊക്കെ;

(ബി) പ്രസ്തുത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നിശ്ചയിച്ചുകൊണ്ട് എന്നാണ് സർക്കാർ ഉത്തരവായത്; ഈ ഉത്തരവ് സർക്കാർ പുനഃപരിശോധിച്ചിട്ടുണ്ടോ; അതിൻപ്രകാരം സ്വകാര്യ ബസ്സുകൾക്കും തുടർന്നും പെർമിറ്റ് അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly